## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2689 — 06/11/2019-ൽ മറുപടിക്ക്

### ട്രാൻസ് ഗ്രിഡ് **2.0** പദ്ധതി

| | ചോദ്യം<br><br>**ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | മറുപടി<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ട്രാൻസ് ഗ്രിഡ് 2.0 പദ്ധതിക്കായി സർക്കാർ ഏർപ്പെട്ടിട്ടുള്ള ത്രികക്ഷി കരാറിന്റെ വ്യവസ്ഥകൾ നിയമവകുപ്പ് പരിശോധിച്ചിട്ടുണ്ടോ ; | (എ) | ധനകാര്യ (ഇൻഫ്രാ) വകുപ്പ് കിഫ്ബി പദ്ധതികൾ നടപ്പിലാക്കുന്നതിനു വേണ്ടി പൊതുവായി രൂപീകരിച്ച ത്രികക്ഷി കരാറിന്റെ മാതൃക നിയമവകുപ്പ് പരിശോധിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 22.06.2017 ൽ ധനകാര്യ വകുപ്പ് പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് G.O(Ms)No.306/2017/Fin ൽ ലഭ്യമാക്കിയിരിക്കുന്ന മാതൃകയിലാണ് ടി പദ്ധതിയുടെ കരാർ രൂപകൽപന ചെയ്തിരിക്കുന്നത്. |
| (ബി) | പ്രസ്തുത കരാറിലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് ചെയ്യുന്ന കാര്യങ്ങൾ കരാർ പ്രകാരം അസാധുവാകുമോ ; | (ബി) | അസാധുവാകും |
| (സി) | എങ്കിൽ ട്രാൻസ് ഗ്രിഡ് പദ്ധതികളുടെ നടത്തിപ്പ് കരാർ നൽകുമ്പോൾ സർക്കാർ വ്യവസ്ഥകൾക്ക് വിപരീതമായി 50 മുതൽ 60 ശതമാനം വരെ ഉയർന്ന നിരക്കിൽ കരാർ നൽകുന്നത് നിയമവിരുദ്ധമാണോ? | (സി) | കിഫ്ബി പദ്ധതികൾക്കായി ഏർപ്പെട്ടിട്ടുള്ള ത്രികക്ഷി കരാർ പ്രകാരം കിഫ്ബി അംഗീകരിച്ച പ്രവൃത്തികൾക്ക് കേരള സർക്കാർ/കേന്ദ്ര സർക്കാർ മാനദണ്ഡങ്ങൾ പാലിച്ച സുതാര്യമായ മത്സരാധിഷ്ഠിതമായ ടെൻഡർ നടപടിക്രമങ്ങളിലൂടെ കരാറുകാരെ തിരഞ്ഞെടുക്കേണ്ടതാണ്. 24.02.2018 ലെ<br>സ.ഉ(കൈ)നം.69/2018/ധന പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള കിഫ്ബി മാനദണ്ഡങ്ങളിലെ വകുപ്പ് 7.2.1 പ്രകാരം ടെൻഡർ അംഗീകരിക്കേണ്ട ചുമതല കെ.എസ്.ഇ.ബോർഡിൽ നിക്ഷിപ്തമാണ്. |

സെക്ഷൻ ഓഫീസർ